ഉത്തരം

(എ & ബി) സംസ്ഥാനത്തിന്റെ വിദേശ മൂലധന നിക്ഷേപം എത്രയെന്ന് കൃത്യമായി പറയാൻ സാദ്ധ്യമല്ല. കാരണം പല വിദേശ കമ്പനികളും നേരിട്ട് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. കൂടാതെ പല ഏജൻസികളുടെ കീഴിലാണ് ഇവ പ്രവർത്തിക്കുന്നതും. വിദേശ നിക്ഷേപത്തിൽ പ്രവർത്തിക്കുന്ന വയിൽ പ്രധാനപ്പെട്ടവ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ പാലക്കാട് പ്രവർത്തിക്കുന്ന ഷായാ ഇൻഡസ്ട്രീസിന് 3.55 കോടി രൂപ വിദേശ മുതൽമുടക്കുണ്ട്. ഇതിന്റെ മൊത്തം മുതൽമുടക്ക് 13.50 കോടി രൂപയാണ്. അതുപോലെ കിൻഫ്രായുടെ കീഴിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന കെ.സി.പി.എൽ എന്ന സ്ഥാപനത്തിന്റെ മൊത്തം മുതൽമുടക്കായ 80 കോടി രൂപയിൽ 18.09 കോടി രൂപ വിദേശ മുതൽമുടക്കാണ്. അതുപോലെ ടെക്നോ പാർക്കിൽ പ്രവർത്തിക്കുന്ന വിദേശ കമ്പനികളുടെ മൂലധന നിക്ഷേപം 1996-നു മുൻപ് 9 കോടി രൂപയും 1996 നുശേഷം 31.15 കോടി രൂപയും ആകുന്നു.

ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് ബോർഡിനുവേണ്ടി കടമെടുത്ത തുക

3 (2716) ശ്രീ. ടി. എം. ജേക്കബ്ബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഫണ്ട് ബോർഡിനുവേണ്ടി സർക്കാർ കടമെടുത്ത തുകയിൽ എത്ര കോടി വിവിധ ഏജൻസികൾക്ക് നൽകിയിട്ടുണ്ട് ;

(ബി) ഈ ഇനത്തിൽ പലിശയായി സർക്കാരിന് എന്ത് തുക ഇതുവരെ ലഭിച്ചിട്ടുണ്ട് ;

(സി) തുകയൊന്നും ലഭിച്ചിട്ടില്ലെങ്കിൽ പ്രതിമാസം സർക്കാരിന് ഈ യിനത്തിൽ നഷ്ടം വല്ലതും ഉണ്ടാകുന്നുണ്ടോ ; എത്ര കോടി ; ഇത് നികത്താൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇതുവരെ തുകയൊന്നും നൽകിയിട്ടില്ല.

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(സി) നഷ്ടം ഉണ്ടാകുന്നുണ്ടോ എന്ന് കണക്കാക്കിയിട്ടില്ല. വിവിധ ഏജൻസികൾക്ക് തുക നൽകാനുള്ള വ്യവസ്ഥകളിൽ ദീർഘകാല വായ്പകൾക്ക് ഒന്നാം ഗഡു വിതരണം ചെയ്തതിനുശേഷം ഒരു വർഷത്തെ ഇടവേളയ്ക്കുശേഷം പലിശ നൽകിയാൽ മതിയാകും. എന്നാൽ ഹ്രസ്വകാല വായ്പകൾക്ക് തുക വിതരണം ചെയ്ത തീയതി മുതൽതന്നെ പലിശ

LIBRARY ARCHIVES Kerala Legislative Assembly

നൽകേണ്ടതുണ്ട്. അതിനാൽ സർക്കാർ ഈയിനത്തിൽ നഷ്ടം ഇതേവരെ തിട്ടപ്പെടുത്തിയിട്ടില്ല.

അറേഞ്ചർക്ക് നൽകുന്ന ഫീസ്

4 (2717) പ്രൊഫസർ എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേയ്ക്ക് പണം സമാഹരിച്ചതിന് സർക്കാർ നിയോഗിച്ച അറേഞ്ചർക്ക് ഫീസ് നൽകേണ്ടിവരുമോ ;

(ബി) എങ്കിൽ എന്ത് തുക ഫീസായി നൽകേണ്ടി വരും ;

(സി) പ്രസ്തുത ഫീസ് എപ്പോൾ നൽകണമെന്നാണ് എഗ്രിമെന്റ് വ്യവസ്ഥകളിൽ പറഞ്ഞിട്ടുള്ളത് ;

(ഡി) മഹാരാഷ്ട്രയും മറ്റ് സംസ്ഥാന സർക്കാരുകളും അറേഞ്ചറെ നിയമിച്ചത് ടെണ്ടർ വിളിച്ചതിനുശേഷമാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എന്നാൽ ഇവിടെ ടെണ്ടർ വിളിക്കാതെ അറേഞ്ചറെ നിയമിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) നൽകേണ്ടി വരും

(ബി) അന്തിമമായി കണക്കാക്കിയിട്ടില്ല.

(സി) പ്രത്യേക ഫീസ് എപ്പോൾ നൽകണമെന്ന് പറഞ്ഞിട്ടില്ല.

(ഡി) ഇല്ല.

(ഇ) സാധാരണയായി ഗവൺമെന്റ് ബിസിനസ് നടത്തുവാൻ എസ്.ബി.ഐ., എസ്.ബി.ടി. എന്നീ സ്ഥാപനങ്ങളെയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അതിനാലാണ് ടെണ്ടർ വിളിക്കാതെ അറേഞ്ചറായി ഈ സ്ഥാപനങ്ങളെ നിയമിച്ചത്.

റവന്യൂ വരുമാനത്തിൽ നിന്നുള്ള ചെലവ്

5 (2718) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം ഗവൺമെന്റ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിനുവേണ്ടി ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) പെൻഷനുവേണ്ടിയും പലിശയ്ക്കുവേണ്ടിയും വരുമാനത്തിന്റെ എത്ര ശതമാനം വീതം ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly